സ്ഥലം നൽകുവാനും സംവിധാനം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കൊല്ലം ജില്ലയിൽ ചിതറ പഞ്ചായത്തിൽ വിളവുപച്ച എന്ന സ്ഥലത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ 52-ാം സ്ഥാനത്താണ് വിളവുപച്ച വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പഞ്ചായത്ത് വേണ്ട സ്ഥലസൗകര്യങ്ങളൊക്കെ കൊടുക്കും എന്നുപറഞ്ഞ സാഹചര്യത്തിൽ അതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

(7) തൃശ്ശൂർ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ആഫീസിൽ നടന്ന ആക്രമണം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കഴിഞ്ഞ ജൂൺ 13-ന് തൃശ്ശൂർ പ്രസ് ക്ലബ് കോൺഫറൻസ് ഹാളിൽ ഒരു പത്ര സമ്മേളനം നടക്കുകയുണ്ടായി. ആ പത്രസമ്മേളനം നടത്തിയത് ഒരു പൊതുപ്രവർത്തകനായ ജേക്കബ് 10.30 A.M.] എന്നുപറയുന്ന ആളാണ്. എക്സൈസ് വകുപ്പിലെ അഴിമതിയെ കുറിച്ചും വ്യാജമദ്യലോബിക്ക് കൂട്ടുനിൽക്കുന്ന എക്സൈസുകാരുടെ നടപടിക്കെതിരായിട്ടുമാണ് പത്ര സമ്മേളനം നടത്തിയത്. പ്രസ്തുത പത്ര സമ്മേളനം നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ അവിടെ എക്സൈസ് പ്രിവന്റീവ് ആഫീസറായ ശ്രീ. ജോയി പത്രപ്രവർത്തകനാണെന്ന വ്യാജേന അതിൽ പങ്കെടുക്കുകയുണ്ടായി. സംശയം തോന്നിയ പ്രസ്ക്ലബ് ഭാരവാഹികൾ അദ്ദേഹത്തെ ചോദ്യം ചെയ്തപ്പോൾ താൻ ടെലഗ്രാഫ് എന്ന പത്രത്തിന്റെ ലേഖകൻ ആണെന്ന് പറഞ്ഞു. വീണ്ടും സംശയം തോന്നിയ പത്രപ്രവർത്തക യൂണിയന്റെ നേതാക്കൾ ഇയാളെ ചോദ്യം ചെയ്തപ്പോൾ ഇയാൾ സമ്മേളനത്തിൽ നിന്ന് ഇറങ്ങിയോടുകയുണ്ടായി. ഇയാൾ ഏതെങ്കിലും തട്ടിപ്പുകാരനാണെന്ന് കരുതി പത്രപ്രവർത്തകർ ഇയാളുടെ പുറകേപോയി. ആ സന്ദർഭത്തിൽ അയാൾ ഓടിക്കയറിയത് പോലീസ് വിജിലൻസ് ഓഫീസിലേക്കാണ്. അപ്പോൾ പത്രപ്രവർത്തക യൂണിയന്റെ പ്രസിഡന്റ്, സെക്രട്ടറി, വൈസ്പ്രസിഡന്റ് കൃഷ്ണകുമാർ, സജി, ജെയ്സൺ എന്നിവർ വിജിലൻസ് ഓഫീസിലേക്ക് ചെല്ലുകയുണ്ടായി. ആ സന്ദർഭത്തിൽ എക്സൈസ് ഉദ്യോഗസ്ഥൻമാരും വിജിലൻസ് ഉദ്യോഗസ്ഥൻമാരും പോലീസുകാരും എല്ലാം കൂടി ഈ പത്രപ്രവർത്തക യൂണിയന്റെ നേതാക്കളെ മർദ്ദിക്കുകയാണ് ഉണ്ടായത്. അതിൽ ജയ്സൺ പത്രപ്രവർത്തക യൂണിയന്റെ ജില്ലാ വൈസ്പ്രസിഡന്റാണ്. അദ്ദേഹത്തിന് പരിക്കുപറ്റുകയും മെഡിക്കൽ കോളേജിൽ അഡ്മിറ്റാക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഒരു ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

നാളിതുവരെയായിട്ടും കുറ്റവാളികൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നുള്ള പരാതി തൃശ്ശൂർ പത്രപ്രവർത്തക യൂണിയന്റെ ഭാഗത്തുനിന്നും ശക്തിയായി വന്നിട്ടുണ്ട്. അതുസംബന്ധിച്ച് അവർ മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും ഡി.ജി.പി. തുടങ്ങിയ ആളുകൾക്കെല്ലാം പരാതി സമർപ്പിച്ചുവെങ്കിലും നാളിതുവരെയായിട്ടും ഈ കുറ്റവാളികൾക്കെതിരായി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എനിക്ക് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ കുറ്റവാളിക്കെതിരായി മാതൃകാപരമായ ശിക്ഷ കൊടുക്കാൻ സന്നദ്ധമാകണമെന്നാണ്. പത്രപ്രവർത്തക യൂണിയന്റെ ഭാരവാഹികൾക്കുപോലും രക്ഷയില്ലാത്ത സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ പോകുന്നു എന്നുള്ള വലിയ പരാതി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ടിട്ടുള്ള കേസാണ്. എങ്കിൽപോലും ഇതിന് യാതൊരു നടപടിയും ഒരു ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് കുറ്റക്കാരുടെ പേരിൽ എത്രയും പെട്ടെന്ന് നടപടി എടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഇവിടെ ഉന്നയിച്ചിരിക്കുന്ന വിഷയത്തെ സംബന്ധിച്ച് എനിക്ക് ഒരു പരാതി കിട്ടിയ അന്നുതന്നെ മുഖ്യമന്ത്രിക്ക് കൊടുത്തിരുന്നു. ഇതിൽ പൊതുവിൽ ഫലപ്രദമായ അന്വേഷണം നടക്കുന്നില്ല എന്നൊരു ചിന്താഗതി വ്യാപകമായി അവിടെ ഉണ്ടായിട്ടുണ്ട്. അത് പത്രപ്രവർത്തകരുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന കാര്യമായതുകൊണ്ട് വളരെ ഗൗരവതരമായി എടുക്കണമെന്നാണ് ചെയറിന്റെ ഒരു അഭിപ്രായം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻചാണ്ടി) :* സർ, ഈ സംഭവം അങ്ങ് എന്നെ വിളിച്ച് സംസാരിച്ചു, ഈ സഭയിലെ അംഗമായ ശ്രീ. ടി. എൻ. പ്രതാപൻ എന്നെ വിളിച്ചുപറഞ്ഞു. അപ്പോൾത്തന്നെ ഞാൻ അത് അന്വേഷിക്കുകയും ചെയ്തിരുന്നു. 13-6-2005-ൽ ഒരു പത്രസമ്മേളനം നടക്കവെ ബഹുമാനപ്പെട്ട ശ്രീ. രാധാകൃഷ്ണൻ പറഞ്ഞതുപോലെ എക്സൈസ് ഓഫീസിലെ ഒരു ഉദ്യോഗസ്ഥനായ ജോയി പ്രസ്ക്ലബിൽ വരികയുണ്ടായി. സംശയം തോന്നിയ പത്രക്കാർ അദ്ദേഹത്തെ ചോദ്യം ചെയ്ത സമയത്ത് വ്യാജ മേൽവിലാസം നൽകി ആൾമാറാട്ടം നടത്തിയതായി പരാതിയുണ്ടായി. ഇദ്ദേഹത്തെ കൂടുതൽ ചോദ്യം ചെയ്തപ്പോൾ ഇറങ്ങിയോടി, വിജിലൻസ് ഓഫീസിൽ അതിക്രമിച്ച് കയറിയതിനെത്തുടർന്ന് പത്രക്കാർ പിൻതുടർന്നുപോയിരുന്നു. അവിടെ ഡ്യൂട്ടിയ്ക്കു നിന്നിരുന്ന പോലീസുകാരൻ അകത്തു കയറിയവരെ തടഞ്ഞതുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നങ്ങൾ ഉണ്ടായത്. ജോയിയുടെ പേരിൽ ആൾമാറാട്ടത്തിന്റെ പേരിൽ ഒരു കേസ് എടുക്കുകയും അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് ഓഫീസിലെ പോലീസുകാരനായ സെൽവരാജിനെ മർദ്ദിച്ചതായി പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനെതിരെയും

LIBRARY ARCHIVES Kerala Legislative Assembly

കേസെടുത്തിട്ടുണ്ട്. രണ്ട് കേസുകൾ എടുത്തിട്ടുണ്ട്. ഇത് പ്രത്യേകമായി അന്വേഷിക്കാൻ തൃശ്ശൂർ ക്രൈംബ്രാഞ്ച് ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ഫലപ്രദമായ നടപടിയുണ്ടായിട്ടുണ്ടോ എന്ന് അങ്ങുകൂടി സംശയം പ്രകടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേകമായിട്ട് അന്വേഷണം നടത്താൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(6) മഞ്ചേശ്വരത്ത് പല ഭാഗങ്ങളിലും കടൽ കരയോട് അടുക്കുന്നതുമൂലമുണ്ടായിട്ടുള്ള ദുരിതങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കാസർകോഡ് ജില്ലയിലെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി, അരിക്കാടി, ഉപ്പള, മുസോടി, മഞ്ചേശ്വരം എന്നീ ഭാഗങ്ങളിലും കടൽ കരയോട് അടുക്കുന്നതുമൂലം നിരവധി വീടുകൾ നഷ്ടപ്പെടുകയും പല വീടുകളും ഭീഷണിയെ നേരിടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇക്കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ അവതരിപ്പിക്കുന്നത്. തെങ്ങുകൾ കട പുഴകി വീഴുകയാണ്. കടലോരത്തെ റോഡുകൾ തകർന്നു. കടൽഭിത്തി നിർമ്മിക്കാത്തതുകൊണ്ടാണ് ഈ പ്രദേശങ്ങളിലൊക്കെ ഇങ്ങനെ കടൽ കയറുന്നത് എന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന പ്രയാസമാണെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അനേകം മൽസ്യത്തൊഴിലാളികൾ തൊഴിലില്ലാതെ ഭയവിഹ്വലരായി കഴിയുകയാണ്. അങ്ങനെ കഴിയുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുകയും കടൽഭിത്തി നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* നമ്മുടെ കടൽത്തീരത്ത് ആകെ ഉയർന്നു വന്നിട്ടുള്ള ഒരു പ്രശ്നമാണ്. പ്രത്യേകിച്ച് സുനാമിക്കുശേഷം ആ പ്രദേശങ്ങളിൽ ആകെയൊരു insecurity feeling ഉണ്ട്. കടൽഭിത്തി ഉണ്ടെങ്കിലേ ഒരു ആത്മവിശ്വാസത്തോടുകൂടി അവിടെ ജനങ്ങൾക്ക് താമസിക്കാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി വന്നിട്ടുണ്ട്. സുനാമി ബാധിത പ്രദേശങ്ങളായിട്ടുള്ള ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട് എന്നീ മൂന്നു പഞ്ചായത്തുകളിലും കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി പ്രത്യേകം സംവിധാനമുണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് കടൽഭിത്തി കെട്ടുന്നതിന് പ്രത്യേകമായ സഹായങ്ങളൊന്നും ഈ സ്കീമിൽപ്പെടുത്താൻ ഒക്കില്ല. അതുകൊണ്ട് സി.എം.ഡി.ആർ.എഫിൽ നിന്ന് എടുത്താണ് ഇപ്പോൾ ഈ മൂന്നു പഞ്ചായത്തുകളിലും കടൽഭിത്തി കെട്ടുന്നതിന് തുക കൊടുത്തിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും സാധാരണ അത് ചെയ്യാറില്ല, സുനാമിയുടെ ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly